LIBRARY ARCHIVES Kerala Legislative Assembly

ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഡാമുകളുടെ നവീകരണം

100(4990) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഡ്രിപ്പ് പദ്ധതിയിലുൾപ്പെടുത്തി ലോകബാങ്ക് അംഗീകാരം നൽകിയ ഡാമുകളുടെ നവീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് സഹായം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ ഏതൊക്കെ ഡാമുകളുടെ പേരുകളാണ് സമർപ്പിച്ചിരുന്നത് ;

(സി) ഇപ്പോൾ അംഗീകരിച്ച ഡാമുകളുടെ മുൻഗണന നിശ്ചയിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും കേരള വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുമാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾ താഴെ പറയുന്നു. പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, പഴശ്ശി ബാരേജ്, പമ്പാ, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ.

വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്. പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ.

(സി) ഡാമുകളുടെ കാലപ്പഴക്കമാണ് മുൻഗണന നിശ്ചയിക്കുന്നതിന് പ്രധാന മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റിയാണ് ഒന്നാംഘട്ടത്തിലെ പദ്ധതികളെ തിരഞ്ഞെടുത്തത്.

പീച്ചിയിലെ കേരള ഇറിഗേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

101 (4991) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചിയിലെ കേരള ഇറിഗേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി (കെ.ഐ.ആർ.ഐ.)നെ ഒരു ഉന്നത സാങ്കേതിക ഗവേഷണസ്ഥാപനമായി ഉയർത്തുന്നതിന്റെ